# MALANKARA JACOBITE SYRIAN SUNDAY SCHOOL ASSOCIATION

***(Under the Holy Apostolic See of Antioch and All the East)***

**Reg. No. ER/308/07**

**Website : www.mjssa.in**
**Email : mjssahq@gmail.com**
**M.J.S.S.A. HEAD QUARTERS,**
**Puthencruz - 682 308, Kerala state,**
**Fax & Phone : 0484 -2730150**

**No. 2/ 2017**

**To All Sunday Schools**
**and Co-workers**

**Date: 20- 01- 2017**

**കർത്താവിൽ പ്രിയ സഹപ്രവർത്തകരെ,**

## ജെ.എസ്.വി.ബി.എസ്. 2017

***ചിന്താവിഷയം : –*** **"നീതിയിൻ കിരീടം" 2 തീമോത്തിയോസ് 4:8**

**"Crown of righteousness "**

സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് വേദപുസ്തകപരമായും, സഭാ സംബന്ധമായും കൂടുതൽ അറിവു ലഭിക്കുന്നതിനും, സൺഡേസ്കൂൾ അഭ്യസനം ലഭിക്കാത്തവർക്കു കൂടി മേൽപ്പറഞ്ഞ അറിവുകൾ ലഭിക്കുന്നതിനും വേണ്ടി മദ്ധ്യവേനൽ അവധിക്കാലത്ത് എം.ജെ.എസ്.എസ്.എ. നടത്തുന്ന ആത്മീയ വിദ്യാഭ്യാസ സംരംഭമാണ് ജേക്കബൈറ്റ് സിറിയൻ വെക്കേഷൻ ബൈബിൾ സ്കൂൾ. ജെ.എസ്.വി.ബി.എസിന്റെ മുഴുവൻ പാഠപുസ്തകങ്ങളും എം.ജെ.എസ്.എസ്.എ. സ്വന്തമായി തയ്യാറാക്കി പ്രസിദ്ധീകരിച്ചു വരുന്നു. ജെ.എസ്.വി.ബി.എസ്. പാഠ്യപദ്ധതിയുടെ പ്രധാന ഭാഗമായ സംഗീത വിഭാഗത്തിന് നേതൃത്വം കൊടുക്കുന്ന സഹപ്രവർത്തകരുടെ നിർലോഭമായ സഹായ സഹകരണങ്ങൾ നിസീമമാണ്. ഈ വർഷത്തെ ജെ.എസ്.വി.ബി.എസിന് നേതൃത്വം കൊടുക്കുന്ന കമ്മിറ്റി അംഗങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

**Beginners** (ശിശു), **SubJuniors** (ബാല) **Juniors** (കൗമാര) **Seniors** (ജ്യേഷ്ഠ) എന്നിങ്ങനെ നാലുവ കുപ്പുകളായി തിരിച്ച് 6 ദിവസങ്ങളിലായി പാഠഭാഗങ്ങൾ തീരത്തക്കവിധമാണ് പാഠ്യപദ്ധതി ക്രമീകരിച്ചിരിക്കുന്നത്.

ചിന്താവിഷയത്തെകുറിച്ചു പഠനം, സംഗീത പരിശീലനം, വേദപുസ്തക പഠനം, നാടകാവിഷ്കരണം, ചിത്രരചന, ധ്യാനപ്രസംഗം, പഠനവിനോദയാത്ര, മത്സരങ്ങൾ, ശുചീകരണം, സ്നേഹവിരുന്ന്, ഡേ ഓഫ് ഗിവിംഗ് എന്നിങ്ങനെ വിവിധ കാര്യങ്ങൾ പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ സൺഡേസ്കൂളുകളിലും ജെ.എസ്.വി.ബി.എസ്. നടത്തണം. ഡിസ്ട്രിക്ട്, ഭദ്രാസന ഭാരവാഹികൾ ജെ.എസ്.വി.ബി.എസ്. കേന്ദ്രങ്ങൾ സന്ദർശിച്ച് വി.ബി.എസ്. പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ താത്പര്യപ്പെടുന്നു.

## DAY OF GIVING

പാഠ്യപദ്ധതിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും എം.ജെ.എസ്.എസ്.എ. പ്രധാന്യം കൊടുക്കുന്നു എന്ന് നിങ്ങൾക്കറിയാമല്ലൊ. ഭവന നിർമ്മാണത്തിന് 2 പേർക്ക് 50000 രൂപ വീതവും ഉന്നതപഠനത്തിന് പരമാവധി 50,000 രൂപ വരെ 5 വിദ്യാർത്ഥികൾക്ക് പഠനസഹായവും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകിയ ചികിത്സാ സഹായം, അദ്ധ്യാപകർക്കുള്ള പെൻഷൻ എന്നിവ ഉൾപ്പടെ 12,17,987/- രൂപയുടെ ധനസഹായം 2015-16 ൽ നൽകിയപ്പോൾ 9,34,158/- തുകയാണ് Day of Giving ഇനത്തിൽ ലഭിച്ചത്. ബഹുമാന്യരായ സഹപ്രവർത്തകരുടേയും പ്രിയപ്പെട്ട കുഞ്ഞുങ്ങളുടേയും സ്നേഹമുള്ള മാതാപിതാക്കളുടേയും നിർലോഭമായ സഹായസഹകരണത്തിലൂടെ കൂടുതൽ തുക Day of Giving ഇനത്തിൽ 2017 ൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാ സഹായ സഹകരണങ്ങൾക്കും പ്രത്യേകം നന്ദി അറിയിക്കട്ടെ.

ഈ വർഷം ഒരു വിദ്യാർത്ഥിക്കും ഒരു അദ്ധ്യാപികയ്ക്കും ഭവനനിർമ്മാണത്തിന് 50,000 രൂപ വീതവും മെഡിസിൻ, ബി.ഫാം, എൻജിനീയറിംഗ്, നേഴ്സിംഗ് തുടങ്ങിയ കോഴ്സുകൾക്ക് പഠിക്കുന്ന സൺഡേസ്കൂൾ 10-ാം ക്ലാസ് പാസായ 4 വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സ് തീരുന്നതുവരെയുള്ള ഫീസും കഴിഞ്ഞ വർഷങ്ങളിൽ കൊടുത്ത 30 പേർക്ക് ഉൾപ്പെടെ 34 പേർക്ക് തുടർന്നുള്ള ഫീസ് കൊടുക്കുന്നതോടൊപ്പം 5 പേർക്കു കൂടി പുതുതായി ഈ വർഷം ധനസഹായം, അദ്ധ്യാപകർക്കു പെൻഷൻ, ചികിത്സാ സഹായം എന്നിവയ്ക്കും സഹായ ധനം നൽകുന്നു. ഇത്തരത്തിൽ നല്ലൊരു തുക ഈ വർഷവും വേണ്ടി വരും. ഈ പദ്ധതികളുടെ പ്രധാന വരുമാനമാർഗ്ഗം ജെ.എസ്.വി.ബി.എസ് ന്റെ Day of Giving തന്നെയാണെന്നറിയാമല്ലോ. ആയതിനാൽ ജെ.എസ്.വി.ബി.എസ്. കഴിഞ്ഞാലുടൻ തന്നെ Day of Giving തുക കേന്ദ്ര ഓഫീസിൽ ഏല്പിച്ചു ഈ സദുദ്യമത്തെ സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ജെ.എസ്.വി.ബി.എസ്.നടന്ന ഏതെങ്കിലും സെന്ററുകളിൽ നിന്ന് മുൻ വർഷങ്ങളിൽ Day of Giving കേന്ദ്ര ഓഫീസിൽ ഏല്പിക്കാതിരിക്കുകയോ ലഭിച്ച തുക മുഴുവനും നൽകാതിരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഈ വർഷം അപ്രകാരം ഉണ്ടാകരുതെന്ന് അഭ്യർത്ഥിക്കുന്നു. പങ്കെടുക്കുന്ന കുഞ്ഞുങ്ങളുടെ സന്തോഷത്തിനു ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യുമ്പോൾ തന്നെ Day of Giving ൽ അവർ നല്കുന്ന സംഭാവനകൾ ജീവകാരുണ്യ പ്രവർത്തനത്തിലൂടെ എം.ജെ.എസ്.എസ്.എ. നടത്തുന്ന വലിയ കാര്യങ്ങൾക്ക് വിനിയോഗിക്കുന്നു എന്ന് അവരെ ബോദ്ധ്യപ്പെടുത്തണം. അങ്ങനെ നാം ചെയ്യുമ്പോൾ കുഞ്ഞുങ്ങളും മാതാപിതാക്കന്മാരും മുൻ വർഷത്തേക്കാളധികമായി സഹായിക്കുകയും സഹകരിക്കുകയും ചെയ്യും. പ്രിയപ്പെട്ട ജെ.എസ്.വി.ബി.എസ്. പ്രവർത്തകരുടെ ആത്മാർ

*മറുപുറം*

ത്ഥമായ സഹായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുവാൻ താല്പര്യപ്പെടുന്നു. ചില സൺഡേസ്കൂളുകൾ ഇത്തരത്തിൽ കളക്റ്റു ചെയ്യുന്ന തുകകൾ മറ്റ് ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതായി എം.ജെ.എസ്.എസ്. എ.യുടെ ശ്രദ്ധയിൽപെട്ടിട്ടുള്ളതാണ്. എം.ജെ.എസ്.എസ്.എ.യുടെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## J.S.V.B.S. അദ്ധ്യാപക പരിശീലന ക്യാമ്പ് - 2017

**മദ്ധ്യ മേഖല**

2017 ഫെബ്രുവരി 24 വെള്ളി 9.00 a.m. മുതൽ
5.00 p.m. വരെ

എം.ജെ.എസ്.എസ്.എ. കേന്ദ്രഓഫീസ്, പുത്തൻകുരിശ്.
കൺവീനർ - ശ്രീ.പി.സി. ഏലിയാസ്
Mob. : **9744224713**

---

**വടക്കൻ മേഖല**

2017 മാർച്ച് 11 ശനി 9.00 a.m. മുതൽ
5.00 p.m. വരെ

സെന്റ് മേരീസ് ജെ.എസ്. ചർച്ച് ചീങ്ങേരി
കൺവീനർ - ശ്രീ.ടി.വി. സജീഷ്
Mob. : **9447640561**

---

**തെക്കൻ മേഖല**

2017 മാർച്ച് 11 ശനി 9.00 a.m. മുതൽ
5.00 p.m. വരെ

സെന്റ് സ്റ്റീഫൻസ് യാക്കോബായ സുറിയാനി കത്തീഡ്രൽ, മഞ്ഞിനിക്കര.
കൺവീനർ - ഡോ.ജോസ് ഡി. കൈപ്പിള്ളിൽ
**Ph. 9447076176**

ക്യാമ്പ് ഫീസ് ഒരാൾക്ക് 150 രൂപ ആയിരിക്കും. ജെ.എസ്.വി.ബി.എസ്. നടത്തുന്ന എല്ലാ സൺഡേസ്കൂളുകളിൽ നിന്നും 2 അദ്ധ്യാപകരെങ്കിലും ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. വേദപുസ്തകം, നോട്ട് ബുക്ക് എന്നിവ കൊണ്ടുവരണം.

ജെ.എസ്.വി.ബി.എസിന്റെ പാട്ടുകൾ പുസ്തകമായും സി.ഡി. ആയും ഈ വർഷം പുസ്തകങ്ങൾക്കൊപ്പം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കുന്നതാണ്. സംഗീതവും, പാഠഭാഗങ്ങളും, ധ്യാനചിന്തയും ഉൾക്കൊള്ളുന്നതാണ് ജെ.എസ് വി.ബി.എസിന്റെ പഠനക്രമീകരണം എന്നത് മറക്കരുത്. ഇതിലേതെങ്കിലും ഒന്നൊഴിവാക്കുകയോ ഏതെങ്കിലും ഒന്നിനു മാത്രം പ്രധാന്യം കൊടുക്കുകയോ ചെയ്യുവാൻ ഇടയാകാതെ ശ്രദ്ധിച്ചു കൊള്ളണം. ജെ.എസ്. വി.ബി.എസ് സെന്ററുകളിലെ VBS Director മാർ നിർബന്ധമായും ക്യാമ്പിൽ പങ്കെടുക്കുവാൻ വേണ്ട ക്രമീകരണം ചെയ്യണം.

ജെ.എസ്.വി.ബി.എസിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കുകയും ഓരോരുത്തരുടേയും സഹായ സഹകരണങ്ങൾ മുൻ വർഷത്തേക്കാളുപരിയായി ഉണ്ടാകുകയും വേണം. എല്ലാ സൺഡേസ്കൂളുകളിൽ നിന്നും അദ്ധ്യാപകരെ ക്യാമ്പിന് അയക്കുവാൻ ഹെഡ്മാസ്റ്റർമാർ ഉത്സാഹിക്കുകയും ഡിസ്ട്രിക്ട് ഭാരവാഹികൾ ശ്രദ്ധിക്കുകയും ചെയ്യുമല്ലോ.

എന്ന്,

സ്നേഹാദരങ്ങളോടെ,
കർത്താവിൽ എളിയ ശുശ്രൂഷകർ

പി.വി.ഏലിയാസ്
സെക്രട്ടറി (0485-2274285)
**Mob : 9446138868**

ഷെവ.എം.ജെ.മർക്കോസ്
ജനറൽ സെക്രട്ടറി (0485-2246211)
**Mob : 9745046911, 8281325911**